3. വഴിയോര വിശ്രമകേന്ദ്രങ്ങൾ :- അതിരപ്പിള്ളി

4. ഗസ്റ്റ് ഹൗസുകൾ :- പത്തനംതിട്ട, ആലപ്പുഴ എന്നിവിടങ്ങളിൽ ഗസ്റ്റ് ഹൗസുകളുടെ പണി പൂർത്തിയായിവരുന്നു. പാലക്കാട്, എറണാകുളം (അഡീഷണൽ ഗസ്റ്റ്ഹൗസ്) എന്നീ ഗസ്റ്റ്ഹൗസുകളുടെ പണി താമസിയാതെ ആരംഭിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

136 (1496) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടകം ഗസ്റ്റ്ഹൗസിൽ നടന്ന അനിഷ്ട സംഭവങ്ങളിൽ ജീവനക്കാർക്കെതിരെ ആരെങ്കിലും പരാതി തന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആരാണ് പരാതി നൽകിയതെന്നും എന്താണ് പരാതി എന്നും വ്യക്തമാക്കുമോ;

(സി) ജീവനക്കാരെ ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്ത അക്രമികൾക്കെതിരെ പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജീവനക്കാർക്ക് നീതി ലഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഇതു സംബന്ധിച്ച് ആരെല്ലാം അന്വേഷണം നടത്തി എന്ന് വ്യക്തമാക്കുമോ;

(എഫ്) ആദ്യത്തെ അന്വേഷണത്തിനു പുറമെ വീണ്ടും അന്വേഷണം നടത്തിയോ; എങ്കിൽ അതിന് ഇടയായത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി),(ഇ)&(എഫ്) നാട്ടകം ഗസ്റ്റ് ഹൗസിൽ നടന്ന അനിഷ്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ഗവൺമെന്റ് ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ടൂറിസം അഡീഷണൽ ഡയറക്ടർ ഗസ്റ്റ്ഹൗസ് സന്ദർശിച്ച് തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. ഡയറക്ടറുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടില്ല.

137 (1497) തെൻമല കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതി

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തെൻമല കേന്ദ്രമാക്കി ഇക്കോ ടൂറിസം പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്;

(സി) ഏതെല്ലാം പ്രദേശങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കുളത്തൂപ്പുഴ, ഏരൂർ പഞ്ചായത്തുകളും പുനലൂർ മുനിസിപ്പാലിറ്റിയും ഈ പദ്ധതിയുടെ പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഈ പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(എഫ്) നടപ്പു സാമ്പത്തികവർഷം എന്തെല്ലാം പദ്ധതികൾ ഏതെല്ലാം പ്രദേശത്തു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2 കോടി രൂപ ഉണ്ട്.

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലയോര പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പൊൻമുടി, അരിപ്പ, കുളത്തൂപ്പുഴ, പാലരുവി, ഉമയാർ, ആര്യങ്കാവ്, അച്ചൻകോവിൽ, കോന്നി, പമ്പ, കൊച്ചുപമ്പ എന്നീ സ്ഥലങ്ങളാണ് പദ്ധതിയിൽപ്പെട്ട ഉപകേന്ദ്രങ്ങൾ.

(ഡി)&(ഇ) കുളത്തൂപ്പുഴ പരിസരപ്രദേശങ്ങളും തെൻമല ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലല്ല മറിച്ച് പരിസ്ഥിതി അടിസ്ഥാനമാക്കിയുള്ള ടൂറിസം സാദ്ധ്യതയുടെ അടിസ്ഥാനത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(എഫ്) കല്ലട റിസർവോയറിൽ ഉല്ലാസ ബോട്ടുസവാരി, കുളംകുന്നിൽ ഒരു ബോട്ട്ലാന്റിംഗ് ഫെസിലിറ്റി, ഒരു ഡീയർ (പുള്ളിമാൻ) പാർക്കിന്റെ നിർമ്മാണം, പള്ളംവെട്ടി ഡാമിൽ ഡാം പരിസരത്ത് ഒരു പരിസ്ഥിതി പഠന കേന്ദ്രം സ്ഥാപിക്കൽ, പാലരുവിയിൽ ഉണ്ടായിരുന്ന മണ്ഡപത്തിന്റെ പുനർനിർമ്മാണം, സ്നാന സൗകര്യം മെച്ചപ്പെടുത്തൽ, ട്രെക്കിംഗ് പാത നിർമ്മാണം തുടങ്ങിയവയാണ് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നത്. കൂടാതെ കല്ലട ഡാമിന്റെ പരിസരത്ത് നവീന രീതിയിലുള്ള ഉദ്യാന നിർമ്മാണവും ഈ വർഷംതന്നെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

138 (1498) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ക്ഷീരവികസന വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly